## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2255 — 23.03.2012-ൽ മറുപടിയ്ക്ക്

### തെന്മല, അച്ചൻകോവിൽ വനമേഖലയിലെ കാട്ടുതീനിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി |
| എ) കൊല്ലം ജില്ലയുടെ കിഴക്കൻ വനമേഖലാപ്രദേശങ്ങളായ തെൻമല, അച്ചൻകോവിൽ എന്നിവിടങ്ങളിൽ കാട്ടുതീ വ്യാപകമായി പടർന്ന് കാട് കത്തിയമരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കൊല്ലം ജില്ലയുടെ കിഴക്കൻ വനമേഖലാപ്രദേശങ്ങളായ തെന്മല ഡിവിഷന്റെ പരിധിയിൽ 128 ഹെ. വന ഭൂമിയിലും, അച്ചൻ കോവിൽ ഡിവിഷന്റെ പരിധിയിൽ 22 ഹെ. വനഭൂമിയിലും കാട്ടുതീ പടർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ മുഖ്യമായും അടിക്കാടുകളാണ് കത്തിയിട്ടുള്ളത്. |
| ബി) ഫയർ വാച്ചർമാരുടെ എണ്ണം വെട്ടിക്കുറച്ചതും, ഫയർ ലൈനിന്റെ അളവ് പരിമിതപ്പെടുത്തിയതും തീ കെടുത്തൽ കാര്യക്ഷമമല്ലാതാക്കിയത് വനം വകുപ്പ് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | ബി) കൊല്ലം ജില്ലയിലെ അച്ചൻകോവിൽ, തെന്മല ഡിവിഷനുകളിൽ ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് പരമാവധി ഫയർ വാച്ചർമാരെ നിയോഗിച്ച് ഫയർ ലൈൻ നിർമ്മാണം നടത്തിയിട്ടുണ്ട്. മുൻ വർഷവുമായി താരതമ്യപ്പെടുത്തിയാൽ നടപ്പുവർഷത്തിൽ ഫയർ വാച്ചർമാരുടെ എണ്ണത്തിലും ഫയർലൈനിന്റെ അളവിലും കുറവ് വന്നിട്ടില്ല. കൂടാതെ അടിയന്തര ഘട്ടത്തിൽ കൂടുതൽ ഫയർ വാച്ചർമാരെ പുഴ-വന സംരക്ഷണ നിധിയിൽനിന്നുള്ള ഫണ്ട് വിനിയോഗിച്ചുകൊണ്ട് നിയമനം നടത്തിയിട്ടുണ്ട്. |
| സി) വന്യജീവികൾ ഏറെ അധിവസിക്കുന്ന പ്രസ്തുതനിബിഢവന മേഖല കത്തിയമരുന്നത് തടയുവാൻ മുൻകരുതൽ ഉൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) വേനൽക്കാലത്ത് കാട്ടുതീമൂലം വനനശീകരണം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ മുൻകരുതലുകളും വനംവകുപ്പ് വർഷാവർഷം സ്വീകരിച്ചുവരുന്നുണ്ട്. പ്രധാനമായും കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള വനമേഖലകളെ ഖണ്ഡങ്ങളായി തിരിച്ച് ഫയർലൈൻ തെളിച്ചുവരുന്നു. ഈ സാമ്പത്തികവർഷം ഡിസംബർ/ജനുവരി മാസംമുതൽ ഫയർലൈൻ തെളിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

കരിച്ച് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനായി എല്ലാ സർക്കിൾതല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അടിയന്തര നിർദേശം നൽകിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിരന്തരം പെട്രോളിംഗ് നടത്തുവാനും പരിചയ സമ്പന്നരായ ആദിവാസികളെയും പരിസരവാസികളെയും ഫയർവാച്ചർമാരായി നിയമിക്കുവാനും ഫയർവാച്ച് ടവറുകളിലും ട്രീ ടോപ്പ് മച്ചാനിലും നിരീക്ഷണത്തിന് നിയോഗിക്കുവാനും വനസംരക്ഷണ സമിതി, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സേവനം കാട്ടുതീ തടയുന്നതിനായി ഉപയോഗിക്കുവാനും, വനമേഖലകളിലെ കളളവാറ്റ് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാനും ആവശ്യമായ നിർദ്ദേശം എല്ലാ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും റെയിഞ്ചർമാർക്കും നൽകിയിട്ടുണ്ട്. വയർലസ്, മൊബൈൽ സംവിധാനം ശക്തിപ്പെടുത്തിയും കാട്ടുതീ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് എത്രയും പെട്ടെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനു പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ പ്രചരണം നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വനമേഖലകളോട് ചേർന്നുളള പ്രദേശങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനുളള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ